**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- ജീവനക്കാര്യം- ഇരിട്ടിബ്ലോക്കിലെ ടൈപ്പിസ്റ്റ് ആയ ശ്രീമതി.നീതു.എ.എസ് ന് ശാരീരിക മാനസിക വൈകല്യമുള്ള കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള വിദ്യാഭ്യാസ അലവൻസ്അനുവദിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇആർബി) വകുപ്പ്**

**സ.ഉ. (എം.എസ്) നമ്പർ.67/2019/ തസ്വഭവ, തീയതി, തിരുവനന്തപുരം,17/06/2019**

---

പരാമർശം : 1) ജി.ഒ (പി) നം.07/2016/ ധന തീയതി 20/01/2016.

2) ശ്രീമതി.നീതു.എസ്, ടൈപ്പിസ്റ്റ്, ഇരിട്ടി ബ്ലോക്ക് സമർപ്പിച്ച 22/10/2018- ലെ അപേക്ഷ.

3) ഗ്രാമവികസന കമ്മീഷണറുടെ 15/12/2018- ലെ 597/ എസ്റ്റാ.ഡി4 /18/സിആർഡി നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

ഇരിട്ടി ബ്ലോക്കിലെ ടൈപ്പിസ്റ്റ് ആയ ശ്രീമതി.നീതു.എ.എസ് ടിയാരിയുടെ മൂന്ന് കുട്ടികളും(ആൻമരിയ ജോസഫ് ,ക്രിസ്റ്റി ,ക്രിസ്റ്റ ) ബധിരരും മൂകരുമായതിനാൽ പരാമർശം (1) ലെ ഉത്തരവ് പ്രകാരം ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള വിദ്യാഭ്യാസ അലവൻസ് അനുവദിക്കണം എന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച പരാർമശം (2) ലെ അപേക്ഷ പരാമർശം (3) പ്രകാരം ഗ്രാമവികസന കമ്മീഷണർ സർക്കാരിൽ സമർപ്പിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു ഇരിട്ടി ബ്ലോക്കിലെ ടൈപ്പിസ്റ്റ് ആയ ശ്രീമതി.നീതു.എ.എസ്-ന്റെ മൂന്ന് കുട്ടികൾക്കും, നിലവിലുള്ള നിയമങ്ങളിൽ ഇളവ് വരുത്തികൊണ്ട് **ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച്** ഭിന്നശേഷിക്കാരായ കുട്ടികളുടെ രക്ഷിതാക്കൾക്കുള്ള വിദ്യാഭ്യാസ അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ജയശ്രീ.എം**

**അണ്ടർ സെക്രട്ടറി**

1) ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2) ശ്രീമതി.നീതു.എ.എസ്, ടൈപ്പിസ്റ്റ്, ഇരിട്ടി ബ്ലോക്ക് (ഗ്രാമവികസന കമ്മീഷണർ മുഖേന)
3) പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
4) അക്കൗണ്ടന്റ് ജനറൽ, (എ&ഇ), എറണാകുളം
5) ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
6) വിവര പൊതുജന സമ്പർക്ക (വെബ്&ന്യൂമീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന്)
7) ആഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ